"ഭരണഭാഷ- മാതൃഭാഷ"

YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പൊതുവിദ്യാഭ്യാസം - കൊല്ലം ജില്ലയിലെ മഞ്ഞക്കാല ഐ.ജി.എം. ഹൈസ്കൂളിലെ എച്ച്.എസ്.ടി(എസ്.എസ്) ശ്രീമതി.നെഹർബാൻ പി. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.1762/2022-മേലുള്ള 18.01.2022-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.5877/2022/GEDN തീയതി,തിരുവനന്തപുരം, 10-10-2022

---

പരാമർശം:-

1. ശ്രീമതി.നെഹർബാൻ പി.യുടെ 01.11.2021-ലെ റിവിഷൻ ഹർജി (എക്സിബിറ്റ് പി6)
2. കൊല്ലം മഞ്ഞക്കാല ഐ.ജി.എം. ഹൈസ്കൂളിലെ എച്ച്.എസ്.ടി(എസ്.എസ്) ശ്രീമതി.നെഹർബാൻ പി. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.1762/2022-മേലുള്ള 18.01.2022-ലെ വിധിന്യായം
3. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 24.03.2022-ലെ ബി4/569/2022 നമ്പർ കത്ത്
4. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 13.04.2022-ലെ DDEKLM/591/2022-ബി4 നമ്പർ കത്ത്
5. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26.04.2022-ലെ ഇറ്റി1/3633/2022/ഡിജിഇ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ മഞ്ഞക്കാല ഐ.ജി.എം. ഹൈസ്കൂളിലെ എച്ച്.എസ്.ടി(എസ്.എസ്) ശ്രീമതി.നെഹർബാൻ പി. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.1762/2022-മേലുള്ള 18.01.2022-ലെ വിധിന്യായത്തിൽ ഹർജിക്കാരി സർക്കാർ മുമ്പാകെ ഫയൽ ചെയ്ത എക്സിബിറ്റ് പി6 റിവിഷൻ ഹർജി, ഹർജിക്കാരിയെയും ഈ വിഷയവുമായി ബന്ധപ്പെട്ടവരെയും നേരിൽ കേട്ട് തീർപ്പാക്കുന്നതിന് ഒന്നാം എതിർ കക്ഷിയായ പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദേശം നല്കിയിരുന്നു. ആയതിൻ പ്രകാരം 25/06/2022-ൽ ബന്ധപ്പെട്ടവരെ ഗൂഗിൾ മീറ്റ് മുഖാന്തരം കേൾക്കുകയുണ്ടായി. **<u>2.ഹർജിക്കാരിയായ ശ്രീമതി നെഹർബാൻ പി.യുടെ വാദങ്ങൾ താഴെപ്പറയും പ്രകാരമാണ്.</u>**

"ഹർജിക്കാരിയായ ശ്രീമതി.പി.നെഹർബാൻ മഞ്ഞക്കാല ഐ.ജി.എം ഹൈസ്കൂളിൽ 17.07.2000 മുതൽ 14.07.2004 വരെ യു.പി.എസ്.ടി തസ്തികയിൽ നിയമനാംഗീകാരത്തോടെ സേവനം അനുഷ്ഠിച്ചിരുന്നു. തസ്തിക നഷ്ടപ്പെട്ടതിനെ തുടർന്ന് ചട്ടം 51എ അവകാശിയായിരുന്നു. അപ്രകാരമായിരിക്കെ 01.10.2011-ലെ ജി.ഒ (പി) 199/2011/പൊ.വി.വ നമ്പർ പ്രകാരമുള്ള അദ്ധ്യാപക പാക്കേജ് പ്രകാരം 14.07.1997-ന് ശേഷം റഗലർ സർവ്വീസിൽ തുടരവെ തസ്തിക നഷ്ടപ്പെട്ട് പുറത്തായവർക്ക് സംരക്ഷണാനുകൂല്യത്തിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപക പാക്കേജിൽപ്പെടുത്തി

സംരക്ഷിതാദ്ധ്യാപകരായി ബി.ആർ.സിയിൽ കോ-ഓർഡിനേറ്റർമാരായി നിയമനം നൽകുന്നതിനുമുള്ള ഉത്തരവുണ്ടായി. അപ്രകാരം ഹർജിക്കാരി പുനലൂർ ബി.ആർ.സി.-യിൽ സി.ആർ.സി. കോ-ഓർഡിനേറ്ററായി സംരക്ഷണാനുകൂല്യത്തിൽ സേവനം അനുഷ്ഠിച്ചുവരവെ, മാതൃസ്കൂളായ മഞ്ഞക്കാല ഐ.ജി.എം ഹൈസ്കൂളിൽ എച്ച്.എസ്.ടി (എസ്.എസ്) തസ്തികയിൽ സേവനം അനുഷ്ഠിച്ചിരുന്ന ശ്രീമതി.ഷീല ഈപ്പൻ 31.03.2020-ൽ സർവ്വീസിൽ നിന്നും വിരമിച്ചതുമൂലം ഉണ്ടായ എച്ച്.എസ്.ടി (എസ്.എസ്) തസ്തികയിൽ ഒഴിവ് നിലവിൽ വന്നു. കേരളാ വിദ്യാഭ്യാസ ചട്ടങ്ങളിലെ അധ്യായം 14 എ യിലെ ചട്ടം 51 എ പ്രകാരം ചട്ടം 51 എ അവകാശിക്ക് യോഗ്യതയ്ക്ക് അനുസൃതമായി അതേ തസ്തികയിലോ ഉയർന്ന തസ്തികയിലോ താഴ്ന്ന തസ്തികയിലോ (same, higher or lower category of teaching posts for which he is qualified that may arise) പുനർ നിയമനത്തിനുള്ള അവകാശം നൽകിയിട്ടുള്ളതാണ്. ഹർജിക്കാരി എച്ച്.എസ്.എ (എസ്.എസ്) തസ്തികയിലേക്ക് നിയമിക്കപ്പെടുന്നതിനുള്ള യോഗ്യതകൾ നേടിയ അദ്ധ്യാപികയാണ്. ഈ സാഹചര്യത്തിൽ ശ്രീമതി.ഷീബ ഈപ്പൻ 31.03.2020-ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനെ തുടർന്ന് മഞ്ഞക്കാല ഐ.ജി.എം ഹൈസ്കൂളിൽ എച്ച്.എസ്എ.(സോഷ്യൽ സയൻസ്) തസ്തികയിൽ മറ്റ് അദ്ധ്യാപകരൊന്നുമില്ലാത്ത സാഹചര്യം കൂടി കണക്കിലെടുത്ത് ഹർജിക്കാരിക്ക് 15.06.2020 പ്രാബല്യത്തിൽ എച്ച്.എസ്.ടി.(എസ് എസ്) തസ്തികയിൽ മാനേജർ പുനർനിയമനം നൽകി.

നിയമനാംഗീകാരത്തിനുള്ള ശുപാർശ മാനേജർ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് യഥാസമയം സമർപ്പിച്ചുവെങ്കിലും കോവിഡ് മഹാവ്യാധിമൂലം 2020-2021 അക്കാദമിക വർഷം സ്കൂളുകൾ റഗുലർ അടിസ്ഥാനത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ നിയമനാംഗികാരം നിരസിച്ച് ഉത്തരവായി. പ്രസ്തുത ഉത്തരവിനെതിരെ മാനേജർ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ ഹർജി ഫയൽ ചെയ്തുവെങ്കിലും അപ്പീൽ ഹർജി മടക്കി അയയ്ക്കുകയാണുണ്ടായത്. തുടർന്ന് ഹർജിക്കാരി ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ WP(C) 13549/2021 നമ്പർ റിട്ട് ഹർജി ഫയൽ ചെയ്തു. ഇതിനിടയിൽ ഈ സ്കൂളിൽ സോഷ്യൽ സയൻസ് വിഷയം പഠിപ്പിക്കുന്നതിന് അദ്ധ്യാപകർ ആരുംതന്നെ ഇല്ലാത്തതിനാലും സ്കൂൾ റഗുലർ അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നില്ല എങ്കിലും ഓൺലൈൻ ക്ലാസ്സുകൾ നടന്നു വരുന്നതിനാലും സ്കൂൾ രക്ഷാകർതൃ സമിതി ഹർജിക്കാരിയെ എച്ച്.എസ്.എ (എസ്.എസ്) തസ്തികയിലേക്ക് നിയമിക്കുന്നതിന് അപേക്ഷ നൽകുകയും ചെയ്തിരുന്നു. മേൽ കാരണങ്ങൾ പരിഗണനയിലെടുത്തുകൊണ്ടുള്ള WP(C) 13549/2021 നമ്പർ റിട്ട് ഹർജിയിലെ 13.07.2021-ലെ വിധിന്യായത്തിൽ ഹർജിക്കാരിയെ മാതൃസ്കൂളിലുണ്ടായ എച്ച്.എസ്.എ (എസ്.എസ്) തസ്തികയിലേക്ക് പുനർനിയമിക്കുന്ന കാര്യത്തിൽ ആറാഴ്ചയ്ക്കുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകി കോടതി വിധിയായി.

കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ഹർജിക്കാരിയെയും ബന്ധപ്പെട്ടവരെയും കേൾക്കാൻ അവസരം നൽകി കോടതി വിധിപ്രകാരം ഹർജിക്കാരിയുടെ അപേക്ഷ പരിഗണനയിലെടുത്തുവെങ്കിലും 06.07.2021-ലെ സ.ഉ (സാധാ) 3287/2021/പൊ.വി.വ നമ്പർ ഉത്തരവിൽ പുതിയ നിയമനങ്ങൾ 15.07.2021-മുതൽ നടത്താൻ സർക്കാർ പൊതു ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ള സാഹചര്യത്തിൽ ഹർജിക്കാരിയെ മാതൃസ്കൂളിലേക്ക് 15.07.2021 പ്രാബല്യത്തിൽ പുനർവിന്യസിക്കാൻ ഉപഡയറക്ടർ ഉത്തരവാകുകയും അപ്രകാരം ഹർജിക്കാരിയുടെ എച്ച്.എസ്.എ (എസ്.എസ്) തസ്കികയിലുള്ള നിയമനം അംഗീകരിക്കുന്നതിന് കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്ത്, കോടതി വിധി നടപ്പാക്കി കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ ഉത്തരവായി. അപ്രകാരം ഹർജിക്കാരിയുടെ എച്ച്.എസ്.എ (എസ്.എസ്) തസ്തികയിലെ നിയമനം അംഗീകരിച്ചുകൊണ്ട് ഉത്തരവായിട്ടുണ്ട്. എച്ച്.എസ്.എ (എസ്.എസ്)

തസ്തികയിൽ വിരമിക്കൽമൂലം 31.03.2020-ൽ ഒഴിവ് നിലവിൽ വന്നതിനാൽ 15.07.2020 മുതൽ പ്രസ്തുത തസ്തികയിലേക്ക് താഴെപ്പറയുന്ന കാരണങ്ങളാൽ നിയമനാംഗീകാരം നൽകണമെന്നതാണ് ഹർജിക്കാരിയുടെ റിവിഷൻ ഹർജിയിലെ അപേക്ഷ.

ഹർജിക്കാരി യു.പി.എസ്.എ തസ്തികയിൽ സംരക്ഷണാടിസ്ഥാനത്തിൽ സേവനം അനുഷ്ഠിച്ചുവന്നിരുന്ന അദ്ധ്യാപികയായതിനാൽ മാതൃസ്കൂളിൽ എച്ച്.എസ്.എ (എസ്.എസ്) തസ്തികയിൽ ഒഴിവ് വന്ന സാഹചര്യത്തിൽ ഈ തസ്തികയിൽ നിയമിക്കപ്പെടുന്നതിന് ഹർജിക്കാരി യോഗ്യത നേടിയ അദ്ധ്യാപികയായതിനാൽ സ്ഥാനക്കയറ്റത്തിനുള്ള ചട്ടം 43 അവകാശിയുമാണ്.

KER അദ്ധ്യായം III ചട്ടം 07 (4) (b) പ്രകാരം സ്ഥാനക്കയറ്റത്തിനുള്ള ചട്ടം 4 3 അവകാശിക്ക് സ്ഥാനകയറ്റം അർഹതപ്പെട്ട തീയതി മുതൽ നിഷേധിക്കുന്ന പക്ഷം ആയത് മാനേജരുടെ ഭാഗത്തു നിന്നുള്ള ഗുരുതരമായ ക്രമക്കേടായി ചട്ടത്തിൽ അനുശാസിച്ചിട്ടുള്ളതാണ്. ആയതിനാൽ അംഗീകൃത മാനേജർ ഇല്ലെങ്കിൽപോലും ചട്ടം 4 3 അവകാശിക്ക് സ്ഥാനക്കയറ്റത്തിന് ചട്ട പ്രകാരമുള്ള അവകാശം നിഷേധിക്കാവുന്നതല്ല. അക്കാരണത്താൽ തന്നെ 31.03.2020-ൽ എച്ച്.എസ്.എ (എസ്.എസ്) തസ്തികയിൽ ഒഴിവ് വന്ന സാഹചര്യത്തിൽ ഈ തസ്തികയിൽ നിയമിക്കപ്പെടുന്നതിന് ചട്ടം 4 3 അവകാശി എന്ന നിലയിൽ ഹർജിക്കാരിക്ക് 15.07.2020 മുതൽ തന്നെ എച്ച്.എസ്.എ (എസ്.എസ്) തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് അവകാശമുള്ളതാണ്."

**3) വിദ്യാഭ്യാസ ഓഫീസർമാർ താഴെപ്പറയും പ്രകാരം അറിയിച്ചു.**

"മഞ്ഞക്കാല ഐ.ജി.എം.വി.എച്ച്.എസ്-ൽ യു.പി.എസ്.റ്റി തസ്തികയിൽ 17/07/2000 മുതൽ 14/07/2004 വരെ സേവനമനുഷ്ഠിക്കുകയും തുടർന്ന് തസ്തിക നഷ്ടം സംഭവിച്ച് പുറത്താക്കുകയും ചെയ്ത അധ്യാപികയാണ് ഹർജിക്കാരി. സംരക്ഷണ ആനുകൂല്യത്തിന്റെ അർഹതയില്ലാതെ സേവനത്തിൽ നിന്നും പുറത്തായ എയ്ഡഡ് സ്കൂൾ അധ്യാപകരെ ഉൾപ്പെടുത്തി രൂപീകരിച്ച അധ്യാപക പാക്കേജിൽ ടിയാരിയെ ഉൾപ്പെടുത്തുകയും തുടർന്ന് സർവ്വ ശിക്ഷാ അഭിയാന് കീഴിലുള്ള ബി.ആർ.സി.യിൽ ക്ലസ്റ്റർ കോ-ഓർഡിനേറ്റർ ആയി പുനർനിയമനം നൽകുകയും ചെയ്തു. അധ്യാപക പാക്കേജിൽ ഉൾപ്പെടുത്തി ക്ലസ്റ്റർ കോ-ഓർഡിനേറ്റർമാരായി നിയമനം നൽകിയ റിടഞ്ച്ഡ് അധ്യാപകർക്ക് 29-01-2016-ലെ ജി.ഒ.(പി) നം.29/2016/പൊ.വി.വ പ്രകാരം സംരക്ഷണാനുകൂല്യം അനുവദിച്ചു നൽകിയിരുന്നു. ടി സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ ഹർജിക്കാരിയും സംരക്ഷണ ആനുകൂല്യത്തിൽ പുനലൂർ ബി.ആർ.സി.യിൽ തുടർന്ന് വരവേയാണ്, ടിയാരിയുടെ മാതൃവിദ്യാലയത്തിലെ എച്ച്.എസ്.റ്റി (സോഷ്യൽ സയൻസ്) അധ്യാപിക ആയിരുന്ന ശ്രീമതി.ഷീല ഈപ്പൻ 31/03/2020 ൽ സർവ്വീസിൽ നിന്നും വിരമിച്ചത് മൂലമുണ്ടായ ഒഴിവിലേക്ക് ശ്രീമതി.പി.നെഹർബാനെ സ്കൂൾ മാനേജർ 01/06/2020 മുതൽ നിയമിക്കുകയും നിയമന അപേക്ഷയും അനുബന്ധ രേഖകളും സമന്വയ മുഖേന കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുൻപാകെ അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്തത്. എന്നാൽ സ്കൂൾ അടഞ്ഞു കിടക്കുന്ന തീയതിയിൽ

ഉണ്ടാകുന്ന അധ്യാപക തസ്തികയിലെ ഒഴിവുകളിൽ സ്കൂൾ തുറക്കാതെ നിയമനം നടത്തുവാൻ പാടുള്ളതല്ല എന്ന കെ.ഇ.ആർ അധ്യായം XIV എ ചട്ടം (2) ലെ വ്യവസ്ഥകൾ പരാമർശിച്ചുകൊണ്ട് മാനേജർ സമർപ്പിച്ച ഹർജിക്കാരിയുടെ നിയമന അപേക്ഷ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു നൽകി. അതിനെതിരെ ഈ കാര്യാലയത്തിൽ നൽകിയ ഹർജിയും 2020-2021 വർഷം സ്കൂൾ തുറന്ന് പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ മടക്കി നൽകിയിരുന്നു.

2020-2021, 2021-2022 വർ ഷങ്ങളിലും 2019-2020-ലെ സ്റ്റാഫ് ഫിക്സേഷൻ തന്നെ തുടരുന്നതിനാൽ 2021-2022 വർഷം എയിഡഡ് സ്കൂളുകളിൽ റെഗുലർ തസ്തികയിലുണ്ടായ (റിട്ടയർമെന്റ്, രാജി, പ്രൊമോഷൻ, മരണം, തുടങ്ങിയവ) അധ്യാപക ഒഴിവുകൾ ചട്ട പ്രകാരമുള്ള നിയമന നടപടികൾ പാലിച്ച് 15/07/2021 മുതൽ മാനേജർമാർക്ക് നിയമനം നടത്താവുന്നതാണെന്ന് 06-07-2021-ലെ സ.ഉ (സാധാ) നം.3287/2021/പൊ.വി.വ പ്രകാരം സർക്കാർ ഉത്തരവായതിനാൽ ടി സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ പരാതിക്കാരിയുടെ സംരക്ഷണ ആനുകൂല്യം റദ്ദ് ചെയ്യുകയും 15-07-2021 മുതൽ പ്രാബല്യത്തിൽ ടിയാരിയെ മാതൃവിദ്യാലയത്തിലേക്ക് തിരികെ വിളിച്ചുകൊണ്ട് 11-07-2021 ലെ ബി1/2649/2021 നമ്പർ പ്രകാരം നടപടി ഉത്തരവ് നൽകുകയുമുണ്ടായി. തുടർന്ന് ശ്രീമതി.ഷീല ഈപ്പൻ 31/03/2020 ൽ സർവീസിൽ നിന്നും വിരമിച്ചത് മൂലമുണ്ടായ എച്ച്.എസ്.റ്റി (സോഷ്യൽ സയൻസ്) തസ്തികയിലെ ഒഴിവിലേക്ക് സ്കൂൾ മാനേജർ ഹർജിക്കാരിയെ 16-07-2021 മുതൽ സ്ഥാനകയറ്റം നൽകി നിയമിക്കുകയും നിയമന അപേക്ഷയും അനുബന്ധ രേഖകളും കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുൻപാകെ അംഗീകാരത്തിനായി ഹാജരാക്കുകയും ചെയ്തു. എന്നാൽ ടി സ്കൂളിൽ നിലവിൽ അംഗീകൃത മാനേജർ ഇല്ലായെന്ന കാരണത്താൽ ശ്രീമതി.നെഹർബാന്റെ എച്ച്.എസ്.റ്റി (സോഷ്യൽ സയൻസ്) ആയിട്ടുള്ള പ്രൊമോഷൻ നിയമനം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു നൽകി.

എച്ച്.എസ്.റ്റി (സോഷ്യൽ സയൻസ്) അദ്ധ്യാപികയായുള്ള പ്രൊമോഷൻ നിയമനം അംഗീകരിക്കാത്തതിനെതിരെ ശ്രീമതി.നെഹർബാൻ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി നം.13849/2021 കേസിലെ 13-07-2021 ലെ വിധിന്യായാനുസരണം പരാതിക്കാരിയുടെ ഹർജി കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ വിശദമായി പരിശോധിക്കുകയും ടിയാരിയുടെ 16-07-2021 മുതലുള്ള എച്ച്.എസ്.റ്റി (സോഷ്യൽ സയൻസ്) തസ്തികയിലെ സ്ഥാനക്കയറ്റം വഴിയുള്ള നിയമനം അംഗീകരിക്കുന്നതിനുവേണ്ടി മാനേജർ സമന്വയ മുഖേന സമർപ്പിച്ച നിയമന അപേക്ഷ 06-07-2021 ലെ സ.ഉ (സാധാ) നം.3287/2021/പൊ.വി.വ സർക്കാർ ഉത്തരവിന്റെ വെളിച്ചത്തിൽ പുനപരിശോധിക്കുവാനും ടി സ്കൂളിലെ നിലവിലെ മാനേജർക്ക് അംഗീകാരം ലഭിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ ടിയാരിയുടെ നിയമന അംഗീകാരം സംബന്ധിച്ച വിഷയത്തിൽ പൊതു

വിദ്യാഭ്യാസ ഡയറക്ടറുടെ കത്തിലെ മാർഗനിർദ്ദേശങ്ങളുടെ വെളിച്ചത്തിൽ തുടർനടപടികൾ സ്വീകരിക്കുവാനും കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി. പരാതിക്കാരിയുടെ സ്ഥാനക്കയറ്റ നിയമനം നിരസിച്ചു നൽകിയ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിനെതിരെ മാനേജർ ഈ കാര്യാലയത്തിൽ സമന്വയ പോർട്ടൽ മുഖേന അപ്പീൽ സമർപ്പിക്കുകയുമുണ്ടായി. പ്രസ്തുത അപ്പീൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകിക്കൊണ്ട് കെ.ഇ.ആർ അദ്ധ്യയം XIV എ ചട്ടം 8 (5) പ്രകാരം അനുവദിച്ച് നൽകിയിരുന്നു.

ഒഴിവ് സ്ഥാപിതമായതിനാലും നിയമനാർഥി ചട്ടപ്രകാരമുള്ള നിശ്ചിത യോഗ്യതകൾ നേടിയിട്ടുള്ളതിനാലും ശ്രീമതി.നെഹർബാൻ.പി യുടെ 16/07/2021 മുതലുള്ള എച്ച്.എസ്.റ്റി (സോഷ്യൽ സയൻസ്) ആയുള്ള സ്ഥാനക്കയറ്റ നിയമനം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകരിച്ചു നൽകിയിട്ടുണ്ട്. ടി സ്കൂളിലെ എച്ച്.എസ്.റ്റി (സോഷ്യൽ സയൻസ്) അധ്യാപിക ശ്രീമതി.ഷീല ഈപ്പൻ വിരമിച്ച ഒഴിവിൽ 15-06-2020 മുതലാണ് നിയമിച്ചിട്ടുള്ളത്. 15-06-2020 മുതൽ 15-07-2021 വരെയുള്ള കാലയളവിലെ നിയമനം അംഗീകരിക്കണം എന്നാണ ടിയാരിയുടെ ആവശ്യം. കോവിഡ് 1 9 ന്റെ പശ്ചാത്തലത്തിൽ 2020-2021 വർഷം സ്കൂൾ തുറക്കാത്ത സാഹചര്യത്തിൽ 2019-2020 വർഷത്തെ തസ്തിക നിർണ്ണയം തന്നെ 2020-2021 വർഷത്തേക്ക് കൂടി ബാധകമാക്കിക്കൊണ്ടും 2020-2021 വർഷം ഉണ്ടായ അനധ്യാപകരുടേയും പ്രഥമാധ്യാപകരുടേയും ഒഴികെയുള്ള അധ്യാപക ഒഴിവുകൾ നികത്താതെ തുടരേണ്ടതാണെന്നും 22-01-2021 ലെ ജി.ഒ (എം.എസ്) നം.28/2021/പൊ.വി.വ പ്രകാരം സർക്കർ ഉത്തരവ് നൽകിയിട്ടുള്ള സാഹചര്യത്തിൽ, എക്സിബിറ്റ് പി1 നിയമനം അംഗീകരിക്കണമെന്ന എക്സിബിറ്റ് പി6 റിവിഷൻ ഹർജിയിലെ ആവശ്യം യാതൊരുവിധ പരിഗണനയും അർഹിക്കുന്നില്ല."

4) സർക്കാർ ഇക്കാര്യം വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ടിന്റെയും നിലവിലെ ഉത്തരവുകളുടെയും അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ 2020-2021 വർഷം സ്കൂൾ തുറക്കാത്ത സാഹചര്യത്തിൽ 2019-2020 വർഷത്തെ തസ്തിക നിർണ്ണയം തന്നെ 2020-2021 വർഷത്തേക്ക് കൂടി ബാധകമാക്കിക്കൊണ്ടും 2020-2021 വർഷം ഉണ്ടായ അനധ്യാപകരുടേയും പ്രഥമാധ്യാപകരുടേയും ഒഴികെയുള്ള അധ്യാപക ഒഴിവുകൾ നികത്താതെ തുടരേണ്ടതാണെന്നും 22-01-2021-ലെ ജി.ഒ.(എം.എസ്) നം.28/2021/പൊ.വി.വ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. 51A, 43 അവകാശികൾക്കും ആയതിന് ഇളവൊന്നും നൽകിയിട്ടില്ല. സർക്കാർ സ്കൂളുകൾക്കും ഈ ഉത്തരവ് ബാധകമായിരുന്നു. സ.ഉ.(സാധാ) നം.3287/2021/പൊ.വി.വ. പ്രകാരം 15/7/2021 മുതൽക്കാണ് റഗുലർ തസ്തികകളിലെ

നിയമനങ്ങൾ അംഗീകരിക്കാൻ കഴിയുമായിരുന്നത് എന്നതിനാലാണ് ശ്രീമതി.നെഹർബാന് മാതൃസ്കൂളിൽ 16/07/2021 മുതലുള്ള എച്ച്.എസ്.റ്റി. (സോഷ്യൽ സയൻസ്) ആയുള്ള സ്ഥാനക്കയറ്റ നിയമനം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ആഫീസർ അംഗീകരിച്ച നൽകിയത്. മേൽ സാഹചര്യത്തിൽ, 15/7/2020 മുതൽ നിയമനം അംഗീകരിക്കണമെന്ന എക്സിബിറ്റ് പി6 റിവിഷൻ ഹർജിയിലെ ആവശ്യം നിരസിച്ച്, അപ്രകാരം കൊല്ലം ജില്ലയിലെ മഞ്ഞക്കാല ഐ.ജി.എം. ഹൈസ്കൂളിലെ എച്ച്.എസ്.ടി.(എസ്.എസ്) ശ്രീമതി.നെഹർബാൻ.പി. ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത കേസിന്മേലുള്ള പരാമർശം (2) വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മീനാംബിക എം.ഐ
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം(ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം
മാനേജർ, ഐ.ജി.എം. ഹൈ സ്കൂൾ, മഞ്ഞക്കാല, കൊല്ലം
ഹെഡ് മിസ്ട്രസ്സ്, ഐ.ജി.എം. ഹൈ സ്കൂൾ, മഞ്ഞക്കാല, കൊല്ലം
ശ്രീമതി.നെഹർബാൻ പി, എച്ച്.എസ്.ടി(എസ്.എസ്), ഐ.ജി.എം. ഹൈ സ്കൂൾ, മഞ്ഞക്കാല, കൊല്ലം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം
**Signed by Shahna Kumari S L**
**Date: 12-10-2022 16:47:00**
സെക്ഷൻ ഓഫീസർ